## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1820 — 14-08-2017 ൽ മറുപടിയ്ക്ക്

## കോങ്ങാട് ഫയർസ്റ്റേഷൻ കെട്ടിടം

| ചോദ്യം<br>**ശ്രീ.കെ.വി.വിജയദാസ്** | | മറുപടി<br>**ശ്രീ.പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
|---|---|---|
| എ) | ഈ സർക്കാർ അനുവദിച്ച കോങ്ങാട് ഫയർ സ്റ്റേഷന്റെ കെട്ടിടനിർമ്മാണവും തസ്തിക അനുവദിച്ച് നൽകലും ഏത് ഘട്ടത്തിലാണെന്ന വിശദവിവരം നൽകുമോ; | എ) കെട്ടിട നിർമ്മാണം ആരംഭിച്ചിട്ടില്ല. തസ്തിക അനുവദിക്കുന്നതിനായി ഫയർ & റെസ്ക്യൂ ഡയറക്ടർ ജനറൽ ലഭ്യമാക്കിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു. |
| ബി) | കോങ്ങാട് ഫയർ സ്റ്റേഷന് ആവശ്യമായ ഭൂമി മൃഗസംരക്ഷണ വകുപ്പിൽ നിന്നും സ.ഉ.(M.S.) No. 206/17/Rev തീയതി 19/6/17 ഉത്തരവ് പ്രകാരം ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; | **(ബി) &(സി)**<br>19.06.2017 ലെ സ.ഉ.(എം.എസ്) നം.206/2017/റവ പ്രകാരം കോങ്ങാട് ഫയർസ്റ്റേഷൻ നിർമ്മാണത്തിനായി സ്ഥലം ഫയർ & റെസ്ക്യൂ വകുപ്പിന് കൈമാറ്റം ചെയ്യുന്നതിന് ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ അനന്തര നടപടി സ്വീകരിക്കുന്നതിന് പ്രസ്തുത വകുപ്പ് പാലക്കാട് ജില്ലാ കളക്ടർക്ക് അപേക്ഷ നൽകിയിട്ടുണ്ട്. ആയത് ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. |
| സി) | ഉത്തരവിന്റെ തീയതി മുതൽ ഒരു വർഷത്തിനുള്ളിൽ പ്രസ്തുത സ്ഥലത്ത് ഫയർ സ്റ്റേഷൻ പ്രവർത്തനം ആരംഭിച്ചില്ലെങ്കിൽ മൃഗസംരക്ഷണ വകുപ്പിൽ നിന്നും അനുവദിച്ച സ്ഥലം തിരികെയെടുക്കുമെന്നുള്ള നിബന്ധനയുള്ളതുകൊണ്ട് അടിയന്തരമായി ഇത് സംബന്ധിച്ച കാര്യങ്ങളിൽ നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ